**ക്രമപ്രശ്നം**

**സമ്മേളന ദിവസങ്ങളിൽ യോഗം ചേരുന്നത് സംബന്ധിച്ച്**

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ സംസ്ഥാനത്ത് നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എം.എൽ.എ.- മാർ പങ്കെടുക്കേണ്ട സമിതികൾ ചേരാൻ പാടില്ലെന്ന് എത്രയോ കൊല്ലമായി നിലനിൽക്കുന്ന ഒരു തത്വമാണ്. പക്ഷേ അതിന് വ്യത്യസ്തമായി ഈയടുത്ത കാലത്ത് എം.എൽ.എ.-മാർ നിർബന്ധമായി പങ്കെടുക്കേണ്ട പല കമ്മിറ്റികളും ഒരു മടിയും കൂടാതെ ഉദ്യോഗസ്ഥന്മാർ വിളിക്കുന്നുവെന്നത് ഏറ്റവും ഖേദകരമായ സംഭവമാണ്. അതുമാത്രമല്ല, പല ഉദ്ഘാടനങ്ങളും എം.എൽ.എ.-മാർ അറിയാറില്ല. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച്, ഡിസ്ട്രിക്ട് ലെവൽ റിവ്യൂ കമ്മിറ്റി നടക്കുകയാണ്. സ്റ്റേറ്റ് ബാങ്കാണ് ഏറ്റവും മോശമായ പെരുമാറ്റം നടത്തുന്നത്. ബാർ ഹോട്ടലുകളിലൊക്കെയാണ് അവർ യോഗം നടത്തുന്നത്. അവിടെ പോയി ഇരുന്നുകൊള്ളണമെന്നാണ് അവരുടെ ഉദ്ദേശ്യം. പാവപ്പെട്ട വിദ്യാർത്ഥികളുടെയും കർഷകരുടെയും ലോൺ അനുവദിക്കേണ്ട കമ്മിറ്റികൾ ബാർ ഹോട്ടലിൽ കൂടിയിട്ട് അതിന്റെ ചെലവും

പാവങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നത് മര്യാദയാണോ; ഏതായാലും അങ്ങ് ശക്തമായ റൂളിംഗ് നൽകിയേ മതിയാകൂ. നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഒരു കാരണവശാലും എം.എൽ.എ.-മാർ പങ്കെടുക്കേണ്ടതായ ഡി.ഡി.സി. ഉൾപ്പെടെ ഒരു കമ്മിറ്റികളും കൂടാൻ പാടില്ല എന്ന് അങ്ങ് റൂൾ ചെയ്യണം. ഇതിനുമുമ്പ് കാലങ്ങളായി അനുവർത്തിക്കുന്ന നിയമമാണ്. അങ്ങ് ശക്തമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച വിഷയം വളരെ പ്രസക്തമാണ്. ശ്രീ. കെ. വി. അബ്ദുൾഖാദറും അതേ കാര്യം തന്നെ ഇവിടെ ഉന്നയിക്കുകയുണ്ടായി. എഴുതി നൽകിയിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞ പ്രശ്നം ഞാൻ അങ്ങേയ്ക്ക് എഴുതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ നേരത്തേ ഈ വിഷയത്തിൽ സഭയിൽ റൂളിംഗ് നൽകിയിട്ടുള്ളതാണ്. പക്ഷേ അത് ലംഘിച്ചുകൊണ്ട് ഒരു മടിയുമില്ലാതെ ഉദ്യോഗസ്ഥന്മാർ യോഗം വിളിക്കുകയാണ്. അതിൽ കർശനമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ എഴുതി നൽകിയ പരാതിയിന്മേൽ അപ്പോൾത്തന്നെ നിർദ്ദേശവും നൽകിയിട്ടുണ്ട്. അത് മാറ്റിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭാ സമ്മേളനം ചേർന്നുകൊണ്ടിരിക്കുമ്പോൾ എം.എൽ.എ.-മാർ പങ്കെടുക്കുന്ന യോഗങ്ങൾ വിളിക്കുന്നത് സഭയോടുള്ള അവഹേളനമായിത്തന്നെ കണക്കാക്കാവുന്നതാണ്. അത്തരം നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകാണം. അത് സഭയുടെ അവകാശ ലംഘനമായി പരിഗണിക്കുമെന്ന് ചെയർ അറിയിക്കുകയാണ്. ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ പറ്റില്ല. ഇത് തുടരാൻ പാടില്ലെന്ന് റൂൾ ചെയ്യുന്നു. ചെയറിന്റെ ശ്രദ്ധയിൽപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം ഇടപെടാറുണ്ട്. എന്തെങ്കിലും സ്പെസിഫിക്കായുള്ള കാര്യങ്ങൾ ചെയറിന് നൽകിയാൽ മതിയാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് റൂൾ ചെയ്തത് 100 ശതമാനം കറക്ടാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ നാലോ അഞ്ചോ സ്പീക്കർമാർ ഇതുപോലെ തന്നെ റൂൾ ചെയ്തിട്ടുണ്ട്. അത് നമ്മുടെ റെക്കോർഡിലുണ്ട്.

ഗവൺമെന്റിനോട് ആവശ്യപ്പെട്ട് ഇതുസംബന്ധിച്ച് ഓർഡർ ഇറക്കാൻ പറയണം.

മി. സ്പീക്കർ: ഗവൺമെന്റ് കർശനമായി നടപടി സ്വീകരിക്കണമെന്നാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഗവൺമെന്റ് ഓർഡർ താഴോട്ട് പോയി ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിന് നിർദ്ദേശം കൊടുത്ത് അത് താഴോട്ട് പോകണം. നിർദ്ദേശം നൽകിയാൽ കൃത്യതയോടുകൂടി പാലിക്കണം.

മി. സ്പീക്കർ: അതിനുള്ള സംവിധാനമുണ്ടാകും.

ശ്രീ. എൻ. ഷംസുദ്ദീൻ: നിയമസഭാംഗത്തിന്റെ പ്രിവിലേജ് ലംഘിക്കുന്നവരെ സ്പീക്കർക്ക് സമൺ ചെയ്തുകൂടേ?

മി. സ്പീക്കർ: പ്രിവിലേജ് പ്രശ്നമായി കണക്കാക്കുമെന്നല്ലേ പറഞ്ഞത്; അതിന് മുകളിൽ ഒരു ഡിബേറ്റ് എന്തിനാണ്?

ശ്രീ. എൻ. ഷംസുദ്ദീൻ: പക്ഷേ സമൺ ചെയ്യുന്നില്ല.

മി. സ്പീക്കർ: ഇവിടെ പരാതി നൽകിയിട്ടുള്ള എല്ലാ അംഗങ്ങൾക്കുമറിയാം. പരാതിയിന്മേൽ കൃത്യമായി ഇടപെട്ടിട്ടുണ്ട്. കൃത്യമായി നിർത്തിവയ്ക്കാറുണ്ട്. കൃത്യമായി സമൺ ചെയ്യാറുണ്ട്. ഇതിനുമുമ്പ് പരാതി

ഉന്നയിച്ച ഏത് അംഗങ്ങൾക്കുമറിയാം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന് ഉൾപ്പെടെ അറിയാം. അത്തരം പരാതികൾ ഉന്നയിക്കുന്ന സന്ദർഭങ്ങളിലെല്ലാം അതിലിടപെട്ടിട്ടുണ്ട്.